**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4292** **01-07-2024 - ൽ മറുപടിയ്ക്ക്**

**വഴിമുക്ക്-കളിയിക്കാവിള റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വഴിമുക്ക് - കളിയിക്കാവിള റോഡ് വികസനത്തിന് കിഫ്‌ബിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എ) | കരമന – കളിയിക്കാവിള റോഡ് വികസന പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തിയായ വഴിമുക്ക് - കളിയിക്കാവിള റോഡിന് 01/07/2023-ലെ G.O(Rt) No. 891/2023/PWD നമ്പർ ഉത്തരവ് പ്രകാരം 200 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്കായി ഭൂമിയേറ്റെടുക്കുന്നതിനുള്ള രൂപരേഖ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്‌ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും, Right of Way സംബന്ധിച്ച് വ്യക്തത കിഫ്‌ബി ആവശ്യപ്പെട്ടിരുന്നു. 05/06/2024-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിലെ തീരുമാന പ്രകാരം പ്രധാന ജംഗ്ഷനുകളിൽ 30.2 മീറ്റർ Right of Way-യിലും ശേഷിക്കുന്ന ഭാഗങ്ങളിൽ 23 മീറ്റർ Right of Way-യിലും നിർവ്വഹിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച നടത്തുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. Right of Way സംബന്ധിച്ച അന്തിമ തീരുമാനമായ ശേഷം അത് പ്രകാരം പദ്ധതി നിർവ്വഹണ ഏജൻസി DPR കിഫ്‌ബിയിൽ സമർപ്പിയ്ക്കുന്ന മുറയ്ക്ക് അത് അവലോകനം നടത്തി കിഫ്‌ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിന് കിഫ്‌ബി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ